File No.DT/40737/2018-A1

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ
വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം

പുറത്തെഴുത്ത് നമ്പർ DT/40737/2018-A1 തീയതി **20/05/2020**

വകുപ്പിലെ എല്ലാ സ്ഥാപനമേധാവികളുടെയും അറിവിലേക്കും മേൽ നടപടികൾക്കുമായി . 1.4.13 ന മുൻപ് പാർട്ട് -ടൈം തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും 1.4.13 നോ അതിനു ശേഷമോ ഫുൾ ടൈം തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ /ബൈ പ്രൊമോഷൻ മുഖേന നിയമിതരായ ജീവനക്കാരിൽ പങ്കാളിത്ത പെൻഷൻ സ്കീമിൽ തുടരാൻ സത്യപ്രസ്താവന നൽകാത്ത ജീവനക്കാരുടെ PRAN റദ്ദാക്കുന്നതിനു വേണ്ടി സർക്കാർ ഉത്തരവിലെ ഖണ്ഡിക 6 ൽ പരാമർശിച്ചിട്ടുള്ള വിവരങ്ങൾ അടിയന്തിരമായി അയച്ചു തരേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

**കേരള സർക്കാർ**

**സംഗ്രഹം**

പങ്കാളിത്ത പെൻഷൻ പദ്ധതി - 01.04.2013 ന് മുൻപ് പാർട് ടൈം തസ്തികയിൽ പ്രവേശിച്ചതും 01.04.2013 നോ അതിന് ശേഷമോ പ്രസ്തുത തസ്തികയിൽ നിന്നും ബൈ-ട്രാൻസ്ഫർ/ബൈ-പ്രൊമോഷൻ മുഖേന ഫുൾ ടൈം തസ്തികയിലേയ്ക്ക് നിയമിക്കപ്പെട്ടിരിക്കുന്നതും കെ.എസ്.ആർ ഭാഗം III പെൻഷൻ പദ്ധതിയിൽ തുടരാൻ അർഹത ലഭിച്ചിരിക്കുന്നതുമായ ജീവനക്കാരുടെ വിഷയത്തിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ (പി) നം.**23/2019/**ധന. തിരുവനന്തപുരം, തീയതി,**27/02/2019**

---

പരാമർശം:- (1) സ.ഉ (പി) നം. 20/2013/ധന. തീയതി, 07.01.2013

(2) സ.ഉ (പി) നം. 120/2016/ധന. തീയതി, 23.08.2016

(3) സ.ഉ (പി) നം. 178/2018/ധന. തീയതി, 16.11.2018

**ഉത്തരവ്**

സംസ്ഥാനത്ത് കെ.എസ്.ആർ ഭാഗം III പെൻഷൻ ബാധകമായിരിക്കുന്ന വിഭാഗങ്ങളിൽ 01.04.2013 മുതലുള്ള പുതിയ നിയമനങ്ങൾക്ക് പരാമർശം (1) ഉത്തരവ് പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിയിട്ടുള്ളതാണ്. എന്നാൽ സംസ്ഥാനത്ത് 01.04.2013 ന് മുൻപ് പാർട് ടൈം തസ്തികയിൽ പ്രവേശിച്ചതും 01.04.2013 നോ അതിന് ശേഷമോ പ്രസ്തുത പാർട് ടൈം തസ്തികയിൽ നിന്നും ബൈ - ട്രാൻസ്ഫർ/ബൈ-പ്രൊമോഷൻ മുഖേന ഫുൾ ടൈം തസ്തികയിലേയ്ക്ക് നിയമിക്കപ്പെട്ടിരിക്കുന്നതുമായ ജീവനക്കാരെ അവരുടെ മുൻകാല പാർട് ടൈം സർവ്വീസ് കൂടി പരിഗണിച്ച് കെ.എസ്.ആർ ഭാഗം III പെൻഷൻ പദ്ധതിയിൽ തുടരാൻ അനുമതി നല്കി പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇത്തരത്തിൽ കെ.എസ്.ആർ ഭാഗം III പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (3) ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ളതാണ്. എന്നിരുന്നാലും ഈ വിഷയത്തിൽ വലിയ രീതിയിൽ ആശയക്കുഴപ്പം ജീവനക്കാർക്കിടയിൽ വന്നിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിരിക്കുന്നു. മേൽ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ കൂടി പാലിച്ചു കൊണ്ട് ഈ വിഷയത്തിൽ ഉയർന്നു വന്നിരിക്കുന്ന പ്രശ്നങ്ങൾ താമസംവിനാ പരിഹരിക്കാൻ വിവിധ വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## മാർഗ്ഗനിർദ്ദേശങ്ങൾ:

1) പരാമർശം (3) ഉത്തരവിലെ മാർഗ്ഗനിർദ്ദേശം (2) പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ തുടരാൻ സത്യപ്രസ്താവന സമർപ്പിച്ചിട്ടില്ലാത്ത ജീവനക്കാരെ കെ.എസ്.ആർ ഭാഗം I ചട്ടം 60 പ്രകാരമുള്ള അവരുടെ നിർബന്ധിത വിരമിക്കൽ പ്രായമായ 56-ാം വയസ്സിൽ വിരമിക്കലിന് വിധേയമാക്കേണ്ടതാണ്.

2) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ തുടരാൻ തീരുമാനിക്കുന്ന ജീവനക്കാർക്ക് പരാമർശം (3) ഉത്തരവിലെ മാർഗ്ഗനിർദ്ദേശം (2) പ്രകാരം 1 മാസമായിരുന്നു സത്യപ്രസ്താവന നല്കുന്നതിന് സമയപരിധി അനുവദിച്ചിരുന്നത് എന്നതിനാൽ ഇനിയും ടി ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ തുടരുന്നതിന് ഓപ്ഷൻ നല്കാൻ അവസരം ഉണ്ടായിരിക്കുന്നതല്ല. അവർക്ക് കെ.എസ്.ആർ ഭാഗം III പെൻഷൻ പദ്ധതി ബാധകമാക്കി വിരമിക്കാൻ അനുമതി നല്കേണ്ടതാണ്.

3) ഈ ഉത്തരവ് തീയതിയ്ക്ക് ശേഷവും കെ.എസ്.ആർ ഭാഗം III പെൻഷൻ അർഹത നേടിയിട്ടുള്ളതും എന്നാൽ നിർബന്ധിത വിരമിക്കൽ പ്രായമായ 56 വയസ്സിനെ തുടർന്ന് ഇപ്പോഴും സേവനമനുഷ്ഠിച്ച് വരുന്നതുമായ ജീവനക്കാർ ഈ ഉത്തരവ് തീയതിയ്ക്ക് ശേഷം കൈപ്പറ്റുന്ന ശമ്പളം ഉടനടി തിരികെ ഈടാക്കേണ്ടതാണ്.

4) 01.04.2013-ന് മുൻപ് പാർട് ടൈം തസ്തികയിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാർ ഈ ഉത്തരവ് തീയതിയ്ക്ക് ശേഷം ഫുൾ ടൈം തസ്തികയിലേയ്ക്ക് ബൈ-ട്രാൻസ്ഫർ/ബൈ-പ്രൊമോഷൻ മുഖേന നിയമിക്കപ്പെടുന്ന പക്ഷം അവർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ തുടരാനാണ് തീരുമാനിക്കുന്നതെങ്കിൽ ഫുൾടൈം തസ്തികയിലെ നിയമനത്തീയതിയ്ക്ക് ഒരു മാസത്തിനകം പരാമർശം (3) ഉത്തരവിലെ സത്യപ്രസ്താവന സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അവരുടെ നിർബന്ധിത വിരമിക്കൽ പ്രായമായ 56-ാം വയസ്സിൽ തന്നെ കെ.എസ്.ആർ ഭാഗം I ചട്ടം 60 ന് വിധേയമായി നിർബന്ധിത വിരമിക്കലിന് വിധേയമാക്കേണ്ടതാണ്.

5) ഒരിക്കൽ സമർപ്പിച്ച സത്യപ്രസ്താവന പിന്നീട് പിൻവലിക്കുന്നതിനോ സമയപരിധിയ്ക്ക് ശേഷം സത്യപ്രസ്താവന/ഓപ്ഷൻ സമർപ്പിക്കുന്നതിനോ ജീവനക്കാർക്ക് അവസരമുണ്ടായിരിക്കുന്നതല്ല.

6) പരാമർശം (3) ഉത്തരവിലെ ആനുകൂല്യത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ ഭാഗം III പെൻഷൻ പദ്ധതിയിൽ തുടരാൻ അർഹതയുള്ളതും പങ്കാളിത്ത പെൻഷനിൽ തുടരുന്നതിനായി സത്യപ്രസ്താവന സമർപ്പിക്കാത്തതുമായ ജീവനക്കാരുടെ സേവനപുസ്തകവും നിയമന ഉത്തരവുകളും ഉൾപ്പെടെയുള്ള രേഖകൾ പരിശോധിച്ച് അതാത് നിയമനാധികാരികൾ ഒരു ഓഫീസ് നടപടിക്രമം/ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും കെ.എസ്.ആർ ഭാഗം III പെൻഷൻ പദ്ധതിയിൽ തുടരാൻ അർഹതയുള്ളതും ഇതിനോടകം പ്രാൺ നമ്പർ കൈപ്പറ്റിയതുമായ ജീവനക്കാരുടെ പേര്, പാർട് ടൈം തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച തീയതി, ഫുൾടൈം തസ്തികയിൽ നിയമിക്കപ്പെട്ട തീയതി, പ്രാൺ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ ഒരു പട്ടികയായി തയ്യാറാക്കി ഓഫീസ് നടപടിക്രമത്തിന്റെ/ ഉത്തരവിന്റെ പകർപ്പ് സഹിതം ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പിന് ലഭ്യമാക്കേണ്ടതാണ്. എന്നാൽ നിയമനാധികാരികൾ ഇതിനോടകം ഓഫീസ് നടപടിക്രമം/ ഉത്തരവ് പുറപ്പെടുവിച്ച് നേരിട്ട് സ്പാർക്കിന് ലഭ്യമാക്കിയിട്ടുള്ള കേസുകളിൽ ഈ നടപടിക്രമം പാലിക്കേണ്ടതില്ല.

7) വിവിധ നിയമനാധികാരികൾ ലഭ്യമാക്കിയിരിക്കുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ എൻ.എസ്.ഡി.എൽ, സ്പാർക്ക് എന്നിവയിലെ വിശദാംശങ്ങളുമായി ഒത്തു നോക്കിയതിന് ശേഷം ടി ജീവനക്കാരുടെ പ്രാൺ റദ്ദാക്കുന്നതിനായി ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ് സ്പാർക്കിന് പ്രസ്തുത ജീവനക്കാരുടെ പേരുവിവരങ്ങൾ, പ്രാൺ നമ്പർ സഹിതം ലഭ്യമാക്കേണ്ടതാണ്.

8) ധനകാര്യ (എൻ.പി.എസ്- സെൽ) വകുപ്പ് ലഭ്യമാക്കുന്ന വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ സ്പാർക്ക് ടി ജീവനക്കാരുടെ പ്രാൺ റദ്ദാക്കേണ്ടതും വിവരം ധനകാര്യ (എൻ.പി.എസ്- സെൽ) വകുപ്പിനെ തിരികെ അറിയിക്കേണ്ടതുമാണ്.

9) പ്രാൺ റദ്ദാക്കുന്ന മുറയ്ക്ക് ജീവനക്കാരുടെ വിഹിതം ബാങ്ക് അക്കൗണ്ടിൽ തിരികെ ലഭ്യമാക്കുന്നതിനായി ധനകാര്യ (എൻ.പി.എസ്- സെൽ) വകുപ്പ് പരാമർശം (2) പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

10) പ്രാൺ നമ്പർ റദ്ദാക്കിയിട്ടില്ല എന്നതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ശമ്പളം തടഞ്ഞു വെക്കാൻ പാടുള്ളതല്ല. മേൽ നടപടിക്രമങ്ങൾ പൂർത്തിയാകുന്നത് വരെ എൻ.പി.എസ് വിഹിതം കിഴിവു ചെയ്തു കൊണ്ട് തന്നെ ജീവനക്കാർക്ക് ശമ്പളം ലഭ്യമാക്കേണ്ടതാണ്. ഇത്തരത്തിൽ അടവാക്കുന്ന തുക മുകളിൽ പരാമർശിച്ചിരിക്കുന്ന നടപടിക്രമങ്ങളിലൂടെ പിന്നീട് ജീവനക്കാർക്ക് തിരികെ ലഭ്യമാക്കാവുന്നതാണ്.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**

**കെ.രാജശ്രീ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. അക്കൗണ്ടൻറ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടൻറ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടൻറ് ജനറൽ ( ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫോർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
6. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്
7. മുഴുവൻ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും.
8. എല്ലാ വകുപ്പ് മേധാവികൾക്കും.
9. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
10. അഡ്വക്കേറ്റ് ജനറൽ, എറണാകുളം
11. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
12. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.
13. രജിസ്ട്രാർ, വിവിധ സർവ്വകലാശാലകൾ
14. നോഡൽ ഓഫീസർ, www.finance.kerala.gov.in
15. പ്രോജക്റ്റ് മാനേജർ, സ്പാർക്ക്
16. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. **(E-847262)**

ഉത്തരവിൻ പ്രകാരം

**അക്കൗണ്ട്സ് ഓഫീസർ**